17/3/2020



DESPATCHED
05/06/2020

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

Tel:0471 -2561628, 2561633,2561615
Email: sic.ker@nic.in

ഹർജി നമ്പർ **AP.1232(2)/2017**/എസ്.ഐ.സി.
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നം.6756/എസ്.ഐ.സി-ജി 6/17

സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, ബഹു.വിവരാവകാശ കമ്മീഷണർ**

| | |
|---|---|
| **ശ്രീ.ജയസൂര്യൻ.പി<br>പാടപ്പറമ്പത്ത് ഹൗസ്<br>ചൊവ്വര.പി.ഒ<br>എറണാകുളം** | **അപ്പീൽ ഹർജിക്കാരൻ** |

**Vs**

| | |
|---|---|
| 1. **സ്റ്റേറ്റ് പബ്ളിക് ഇൻഫർമേഷൻ ഓഫീസർ<br>ഇൻസ്‌പെക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് ഗ്രേഡ് 2 (HQ)<br>ഡയറക്ടറേറ്റ് ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ്<br>തിരുവനന്തപുരം** | **എതിർകക്ഷികൾ** |
| 2. **അപ്പീൽ അധികാരി ആന്റ്<br>ജോയിന്റ് ഡയറക്ടർ ഓഫ് ഫാക്ടറീസ് ആന്റ് ബോയിലേഴ്സ് (HQ)<br>തിരുവനന്തപുരം** | |

| | |
|---|---|
| 6(1) പ്രകാരമുള്ള അപേക്ഷാ തീയതി | 04.02.2017 |
| 6(1) അപേക്ഷയ്ക്ക് മറുപടി ലഭ്യമാക്കിയ തീയതി | 14.02.2017 |
| ഒന്നാം അപ്പീൽ സമർപ്പിച്ച തീയതി | 17.02.2017 |
| ഒന്നാം അപ്പീലിന് മറുപടി ലഭ്യമാക്കിയ തീയതി | 16.03.2017 |
| കമ്മീഷനിൽ അപ്പീൽ സമർപ്പിച്ച തീയതി | 17.05.2017 |
| കമ്മീഷനിൽ അപ്പീൽ കൈപ്പറ്റിയ തീയതി | 18.05.2017 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 26.05.2017 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 13.06.2017 |
| ഹിയറിംഗ് നടന്ന തീയതി & സ്ഥലം | 28.01.2020, കമ്മീഷൻ ആസ്ഥാനം തിരുവനന്തപുരം |
| ഹിയറിംഗിലെ സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ<br>എസ്.പി.ഐ.ഒ. | ഹാജരായിരുന്നു<br>ഹാജരായിരുന്നു |

# ഉത്തരവ്

അപ്പീൽ ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, വിവരാവകാശ നിയമപ്രകാരം ടിയാൻ ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൻമേൽ മറുപടി തൃപ്തികരമല്ലെന്നും ആയതിനാൽ അപ്പീൽ അധികാരി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചുവെന്നും ടിയാൻ ആവശ്യപ്പെട്ട വിവരങ്ങൾ ലഭ്യമാക്കണമെന്നും മറ്റുമാണ്.

2. വിവരാവകാശ നിയമത്തിലെ 6(1) വകുപ്പു പ്രകാരം അപ്പീൽ ഹർജിക്കാരൻ 04.02.2017 തീയതി ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഇനം 1 ൽ ബോയിലർ ഓപ്പറേറ്റർമാരുടെ കടമകളും ഉത്തരവാദിത്വങ്ങളും എന്താണെന്നും, ഇനം 2 ൽ ബോയിലർ ഓപ്പറേറ്റർമാരുടെ കടമകൾ നൈപുണ്യമേഖലയിലാണോ അതോ നൈപുണ്യമില്ലാത്ത മേഖലയിലാണോ ഉൾപ്പെടുത്തിയിരിക്കുന്നതെന്നുമുള്ള വിവരങ്ങളാണ് ആവശ്യപ്പെട്ടത്.

3. ടി അപേക്ഷയ്ക്ക് 14.02.2017 ന് എസ്.പി.ഐ.ഒ, വിവരം ലഭ്യമല്ല എന്ന മറുപടി നൽകുകയും, ടി മറുപടി തൃപ്തികരമല്ലെന്ന് കാണിച്ച് 17.02.2017 ന് ഹർജിക്കാരൻ അപ്പീൽ നൽകുകയും 16.03.2017 നൽകിയ മറുപടിയിൽ അപ്പീൽ അധികാരി പ്രസ്താവിച്ചത്, ബോയിലർ ഓപ്പറേറ്റർമാരുടെ കടമകളും ഉത്തരവാദിത്വങ്ങളും എന്താണെന്നു വ്യക്തമാക്കുന്ന നിയമാനുസൃതമായ രേഖ ടി ഓഫീസിൽ ലഭ്യമല്ലെന്നും, ബോയിലർ അറ്റൻറർമാരുടെ 2011 ലെ റൂളുകൾ സംബന്ധിക്കുന്ന പകർപ്പ് നൽകുന്നുവെന്നുമാണ്.

4. 07.06.2017 ൽ കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ രണ്ടാം എതിർകക്ഷി പ്രസ്താവിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം 06.02.2017 ൽ അപേക്ഷ നൽകുകയും, ആയതിന് 14.02.2017 ൽ എസ്.പി.ഐ.ഒ മറുപടി നൽകുകയും ടി മറുപടി തൃപ്തനല്ലെന്ന് കാണിച്ച് 18.02.2017 ന് അപ്പീൽ സമർപ്പിക്കുകയും, ആയത് പരിശോധിച്ചതിൽ അപേക്ഷകൻ ആവശ്യപ്പെട്ടവ ടി ഓഫീസിൽ ലഭ്യല്ലായെന്ന് സമയബന്ധിതമായി അറിയിച്ചുവെന്നും ടി മറുപടിയിൽ അപേക്ഷകൻ ആവശ്യപ്പെടാതെ തന്നെ ടി വിഷയവുമായി ബന്ധപ്പെട്ട ബോയിലർ അറ്റൻഡൻസ് റൂൾസ് 2011 ലെ പേജുകളുടെ പകർപ്പ് നൽകിയിട്ടുണ്ടെന്നും അറിയിച്ചു.

5. അപ്പീൽ ഹർജിയും ഹിയറിംഗിന് എതിർകക്ഷി സമർപ്പിച്ച റിപ്പോർട്ടും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ നേരിൽ കേട്ടതിലും അപ്പീൽ ഹർജിക്കാരൻ സമർപ്പിച്ച വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നവയ്ക്ക് ടി ഓഫീസിൽ ലഭ്യമായ മറുപടി നൽകിയതായും ആധികാരികമായി രേഖയില്ലാത്തതിനാലാണ് രേഖ നൽകാത്തതെന്ന് വിലയിരുത്തുകയും, ടി അപ്പീൽ ഹർജിയിൽ മറ്റ് നടപടികൾ ആവശ്യമില്ലെന്ന് കണ്ട് ഇന്നേ ദിവസം 2020 മാർച്ച് 17-ാം തീയതി കമ്മീഷൻ തീർപ്പാക്കുന്നു.

(ഒപ്പ്)
**ഡോ.കെ.എൽ.വിവേകാനന്ദൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM *

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

res